കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.10/1758/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്
കാര്യാലയം,മലപ്പുറം

തിയ്യതി:12/07/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്.

എബികെ

നം. കെ.എസ്.എ.എം.പി.എം.10/1758/2019

തിയ്യതി: 12/07/2019

# മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.09.2018 മുതൽ 18.06.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. അജിത്ത് ആർ , ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-06.2019 മുതൽ 29.06.2019 വരെ

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. കരുണാകരൻ എം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സെൽമത്ത് ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജിഷ കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ<br>(20.06.2019 മുതൽ) |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി.ടി | ഓഡിറ്റർ<br>(21.06.2019 മുതൽ) |

**നിർവഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി സഫിയ റസാഖ് തോട്ടത്തിൽ | 01.04.2018 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ. അബ്ദുൾ സലാം | 01.04.2018 മുതൽ 17.05.2018 FN വരെ |
| ശ്രീമതി. ബിൽകീസ് ചീരോത്ത് | 17.05.2018 AN മുതൽ 21.06.2018 FN വരെ |
| ശ്രീ. ബീരാൻകുട്ടി | 21.06.2018 AN മുതൽ 04.07.2018 FN വരെ |
| ശ്രീ. മധുസൂധനൻ എം | 04.07.2018 AN മുതൽ 30.08.2018 FN വരെ |
| ശ്രീമതി. ബിൽകീസ് ചീരോത്ത് | 30.08.2018 AN മുതൽ 17.09.2018 FN വരെ |
| ശ്രീ. മധുസൂധനൻ എം | 17.09.2018 AN മുതൽ 31.03.2019 വരെ |

**മറ്റ് നിർവഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ബിൽകീസ് ചീരോത്ത് | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനിയർ | ശ്രീ. ബിപിൻ എൻ.വി (ഇൻ ചാർജ്) | 01.04.2018 മുതൽ 25.04.2018 വരെ |
| | ശ്രീ.ഷരീഫ് കെ.സി | 26.04.2018 മുതൽ 13.02.2019 വരെ |
| | ശ്രീ. ബിപിൻ എൻ വി | 14.02.2019 മുതൽ 07.03.2019 വരെ |
| | ശ്രീമതി. അശ്വതി വി.കെ | 08.03.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. രഞ്ജുഷ | 01.04.2018 മുതൽ 19.05.2018 വരെ |
| | ഒഴിവ് | 20.05.2018 മുതൽ 31-05-2018 വരെ |
| | ശ്രീ.സിജിൻ കെ | 01.06.2018 മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഗിരിജ എം | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.രമ്യ രവീന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി കദീജക്കുട്ടി പി.എ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി. ഉഷാദേവി പി | 01.04.2018 മുതൽ 23.08.2018 വരെ |
| | ശ്രീമതി.ജെസ്സി ജോൺ | 24.08.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി രാധിക. പി എം | 01.04.2018 മുതൽ 07.06.2018 വരെ |
| | ശ്രീ. അബ്ദുൽ മഹ്റൂഫ് | 08.06.2018 മുതൽ 16.07.2018 വരെ |
| | ശ്രീമതി. റഫീന ബീവി എം.എം | 17.07.2018 മുതൽ |

| | | |
|---|---|---|
| | | 27.07.2018 വരെ |
| | ശ്രീ.അബ്ദുൽ മഹ്റൂഫ് | 28.07.2018 മുതൽ 10.08.2018 വരെ |
| | ശ്രീമതി. റഫീന ബീവി എം.എം | 11.08.2018 മുതൽ 18.09.2018 വരെ |
| | ശ്രീമതി. മഞ്ജു | 19.09.2018 മുതൽ 30.09.2018 വരെ |
| | ശ്രീമതി.ഗായത്രി കെ.എസ് | 01.10.2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. സരിത വി (പി.എച്ച്.സി) | 01.04.2018 മുതൽ 31.03.2019 വരെ |
| | ഡോ.കെ.ജെ സൈറാബായ് (ആയുർവേദം) | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം I** **പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | **ഭാഗം II** **വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13 | ഔട്ട് ഡോർ രസീതി പിരിവ് -മേൽനോട്ടത്തിലെ അപാകതകൾ | 2-1 |
| 14 | കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അനധികൃത നിർമ്മാണങ്ങൾ -റഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവൽകരിച്ച് നൽകിയതിന്റെ വിശദാംശങ്ങൾ - സംബന്ധിച്ച് | 2-2 |
| 15 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന | 2-3 |
| 16 | വനിതാ വ്യവസായ കേന്ദ്രത്തിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന | 2-4 |
| | **ഭാഗം III** | |

| | | |
|---|---|---|
| | **ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 17 | മരുന്ന് പൂർണമായും ലഭ്യമായില്ല | 3-1 |
| 18 | മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവഹണത്തിലെ/ രേഖകൾ ഹാജരാക്കിയതിലെ അപാകതകൾ | 3-2 |
| 19 | പ്രാഥമികാരോഗ്യ കേന്ദ്രം, ആയുർവേദ ഡിസ്പെൻസറി എന്നിവയുടെ HMC വരവ്-ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല | 3-3 |
| 20 | കടക്കാട്ടുപാറ സബ്സെന്റർ നവീകരണം- പൊളിച്ചുമാറ്റിയ ഓട്, മരം എന്നിവയുടെ വിനിയോഗ വിവരം ലഭ്യമായില്ല | 3-4 |
| 21 | വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 3-5 |
| 22 | മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കപ്പെട്ടില്ല. പഞ്ചായത്ത് ഫണ്ടിൽ നിന്നും വൻ തുക പാഴായി. | 3-6 |
| 23 | വിളക്കത്രമാട്-ചുള്ളോട്ട് പറമ്പ് റോഡ് പ്രവർത്തി-കരാറുകാരനിൽ നിന്നും ഈടാക്കിയ G.S.T. തുക അടവാക്കിയില്ല. | 3-7 |
| 24 | അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടാതെ ആശ്രയ ഗുണഭോക്താക്കൾ | 3-8 |
| 25 | അടിസ്ഥാന സൗകര്യം ഒരുക്കിയില്ല; തേഞ്ഞിപ്പലം പ്രാഥമികാരോഗ്യത്തിലെ ജീവനക്കാരും രോഗികളും ഒരു പോലെ ബുദ്ധിമുട്ടുന്നു | 3-9 |
| 26 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-10 |
| 27 | വൃദ്ധർക്ക് കട്ടിൽ - നിർദ്ദിഷ്ട പ്രായത്തിൽ കുറഞ്ഞവർക്ക് ആനുകൂല്യം നൽകി | 3-11 |
| | **ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധങ്ങൾ** | |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 22.03.2018 തിയതിയിലെ ഭരണസമിതിയുടെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 16.02.2019 തിയതിയിലെ ഭരണസമിതിയുടെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ച

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി (ഇ-സബ്മിഷൻ) | അപാകതകൾ പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകതകൾ പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.07.2019 | 04.05.2019 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ, തിയതി |
|---|---|---|
| 2018-19 | 20.06.2019 മുതൽ 21.06.2019 വരെ | കെ.എസ്.എ.എം.പി.എം10/1758/2019 തിയതി 12/07/2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 56,62,716.90 |
| വരവ് | 6,04,95,763 |
| ആകെ | 6,61,58,479.90 |
| ചെലവ് | 5,43,15,628 |
| നീക്കിയിരിപ്പ് | 1,18,42,851.90 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | | 0 | 1,49,98,000 | 1,49,98,000 | 1,33,59,531 | 1,6,38469 |
| വികസനഫണ്ട് – എസ്.സി.പി (ACR പ്രകാരം) | | 0 | 78,46,000 | 78,46,000 | 44,82,235 | 33,63,765 |
| വികസനഫണ്ട് – ടി.എസ്.പി | | 0 | 1,58,000 | 1,58,000 | 0 | 1,58,000 |
| സംരക്ഷണ ഗ്രാന്റ് – റോഡ് (ACR പ്രകാരം) | | 0 | 92,81,000 | 92,81,000 | 40,88,314 | 51,92,686 |
| സംരക്ഷണ ഗ്രാന്റ് - നോൺറോഡ് (ACR പ്രകാരം) | | 0 | 33,82,000 | 33,82,000 | 26,94,449 | 6,87,551 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 69,60,000 | 69,60,000 | 45,96,774 | 23,63,226 |
| കെ.എൽ.എസ്.ജി.ഡി.പി ലോക ബാങ്ക് ധനസഹായം (ACR പ്രകാരം) | കേന്ദ്ര വിഹിതം | ഇല്ല | | | | |
| | സംസ്ഥാന വിഹിതം | ഇല്ല | | | | |
| **ദുരിതാശ്വാസ നിധി** (എസ്.ബി.ടി ഡിസ്ട്രസ് റിലീഫ് ഫണ്ട്) | | 12123 | 728 | 12851 | 361 | 12490 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | Sarva Siksha Abhiyan (SSA) | 15796 | 560 | 16356 | 0 | 16356 |
| ബി. ഫണ്ട് | | 0 | 3,87,76,340 | 3,87,76,340 | 3,87,76,340 | 0 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | | 0 | 46,92,626 | 46,92,626 | 39,05,629 | 7,86,997 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 2,23,52,732 | 2,23,52,732 | 2,23,52,732 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3,192 | 10,43,958 | 10,47,150 | 10,13,135 | 34,015 |
| PNB E-Payment 1705 | | 27,103 | 1,00,290 | 1,27,393 | 2764 | 1,24,629 |
| PNB E-Sand | | 20,02,273 | 20,23,044 | 40,25,317 | 33,64,288 | 6,61,029 |
| തനത് ഫണ്ട് (Thenhippalm SCB) | | 20,03,028.90 | 1,07,18,885 | 1,27,21,913.9 | 51,55,113 | 75,66,800.90 |
| എസ്.ബി.ഐ ജി.എസ്.ടി | | 0 | 63,872 | 63,872 | 49,030 | 14,842 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | | 15,87,508 | 1,25,54,653 | 1,41,42,161 | 1,15,88,689 | 25,53,472 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | പൂർണമായും നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 6,42,89,108 | 117 | 3,99,03,761 | 0 | 64 | 65 % |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,192 | 10,43,958 | 10,47,150 | 10,13,135 | 34,015 |
| ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത് | 0 | 2,23,52,732 | 2,23,52,732 | 2,23,52,732 | 0 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം<br>Unemployment Allowance Scheme | 1,19,040 | 77 |
| കർഷകതൊഴിലാളി പെൻഷൻ<br>Pension for Agricultural Workers | 38,91,800 | 951 |
| വിധവാപെൻഷൻ<br>Destitute /Widow Pension | 1,04,00,800 | 2472 |
| വാർദ്ധക്യകാലപെൻഷൻ<br>National Old Age Pension | 1,93,31,200 | 4484 |
| വികലാംഗപെൻഷൻ<br>Pension for Physically Challenged/Mentally Challenged | 41,64,900 | 958 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 7,73,300 | 189 |

| | | |
|---|---|---|
| Pension for Unmarried women aged above 50 | | |
| വിവാഹ ധനസഹായം<br>Financial Help for Widow's Daughters Marriage | 60,000 | 2 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,074/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണസംവിധാനം പരിശോധനാ വിധേയമാക്കി. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുകയും സെക്ഷനുകൾക്ക് വീതിച്ച നൽകുകയും ചെയ്യുന്നുണ്ടെങ്കിലും ഓഫീസ് മീറ്റിംഗുകൾ കൃത്യമായി കൂടുകയോ, സെക്ഷനുകളുടെ പ്രവർത്തനം വിലയിരുത്തുകയോ ചെയ്യുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് രജിസ്റ്റർ മുതലായവ എഴുതി സൂക്ഷിക്കുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ നിലവിലുള്ള എല്ലാ ഡെപ്പോസിറ്റുകളും ഉൾക്കൊള്ളിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ കൃത്യത വ്യക്തമല്ല.

പഞ്ചായത്തിന് കീഴിൽ നിരവധി സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ , വാണിജ്യ സ്ഥാപനങ്ങൾ,ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിച്ച് വരുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ കൃത്യമായി ഈടാക്കുന്നതിന് സാധിക്കുന്നില്ല. ഈ കാര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലും ഉണ്ടാവുന്നില്ല.

വെറ്ററിനറി സർജൻ പഞ്ചായത്ത് ഫണ്ടിനു മാത്രമായി പ്രത്യേകം ടി ആർ 7A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ വരുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വിവിധ കെട്ടിടങ്ങളുടെ കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കുകയോ, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യുന്നില്ല. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.05.2019 | ഏപ്രിൽ 2019 | 27.05.2019 |
| എ.ജി ഓഡിറ്റ് | 16.11.2018 മുതൽ 28.11.2018 വരെ | 2013-14 മുതൽ 2017-18 വരെ | 07.01.2019 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

2018-19 വർഷത്തിലെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) , പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ അക്കൗണ്ടിനോടൊപ്പം ഇല്ല.

3. Grant / contribution to Specific purposes ആയി ലഭിച്ച ഫണ്ടുകൾക്ക് എ സി ആർ സൂക്ഷിച്ചിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല.

5. വസ്തു നികുതിയിനത്തിലെ ഡിമാന്റ് കലക്ഷൻ ബാലൻസ് പരിശോധനക്കായി ലഭ്യമാക്കിയ സഞ്ചയയിലെ സംക്ഷിപ്തം പരിശോധിച്ചതിൽ ബുക്ക് അഡ്ജസ്റ്റ് മെന്റിനത്തിൽ 64112 രൂപ കാണിച്ചതിന്റെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

6. 2017-18 വർഷത്തിലെ വാർഷികകണക്ക പ്രകാരം വസ്തു നികുതിയിനത്തിൽ കുടിശ്ശികയില്ല. എന്നാൽ 2018-19 വർഷത്തിൽ കുടിശ്ശികയിനത്തിൽ 43385/- രൂപ വരവ് വന്നിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

7. സ്റ്റോക്ക് റിപ്പോർട്ട് (വാല്യൂ ബേസ്ഡ് ) തയ്യാറാക്കിയിട്ടില്ല.

8. അസി. സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ട് നമ്പർ 138/19 അരീപ്പാറ എസ് സി കോളനി കെ ഡബ്ല്യു എ ലൈൻ മാറ്റി സ്ഥാപിക്കലും നീട്ടലും പ്രകാരം , കെ ഡബ്ല്യു എ യിൽ ഡെപ്പോസിറ്റ് ചെയ്ത തുക 1000000/- രൂപയിൽ ബി 18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

9.ക്രമ നം.8 അപാകതയിൽ സൂചിപ്പിച്ച 10,00,000/- രൂപ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും AFS ൽ ഉൾപ്പെടുത്താത്തതിനാൽ അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

10. 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിന്റെ അപാകതകൾ പരിഹരിച്ചിട്ടില്ല.

11. ബി 11 പ്രകാരം ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

12. I- 18പ്രകാരം വന്ന തുകകളുടെ ആധികാരികത വ്യക്തമാക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഔട്ട് ഡോർ രസീതി പിരിവ് -മേൽനോട്ടത്തിലെ അപാകതകൾ

താഴെ പറയുന്ന ക്ലാർക്കുമാരുടെ പേരിൽ 2019-20 സാമ്പത്തിക വർഷം ഔട്ട്ഡോർ രസീത് ബുക്കുകൾ ഇഷ്യു ചെയ്തിട്ടുണ്ട്.

| ക്ര.ന | ക്ലർക്കിന്റെ പേര് | 2019-20 ൽ ഇഷ്യു ചെയ്ത രസീതി ബുക്ക് നമ്പർ | ഉപയോഗിച്ച താളുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീ. ഷൈലേഷ് | 39487 | ആദ്യത്തെ 4 എണ്ണം | സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്തിട്ടില്ല |
| 2 | ശ്രീ. രതീഷ് എ.പി | 39488 | ആദ്യത്തെ 9 എണ്ണം | സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്തിട്ടില്ല |
| 3 | ശ്രീ. സനൂപ് ടി | 39489 | ആദ്യത്തെ 5 എണ്ണം | സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്തിട്ടില്ല |
| 4 | ശ്രീ. ഇസ്മായിൽ | 39490 | ആദ്യത്തെ 8 എണ്ണം | |

1. ഔട്ട് ഡോർ രസീതി ബുക്കുകൾ ഇഷ്യു ചെയ്യേണ്ടത് ഫീൽഡ് ക്ലാർക്കുമാർ ഫീൽഡിൽ പോവുന്ന സമയത്താണ്, എന്നാൽ സാമ്പത്തിക വർഷം ആരംഭിച്ച ആദ്യ മാസങ്ങളിൽ മേൽ പട്ടിക പ്രകാരം ഇഷ്യു ചെയ്തത് ഫീൽഡിൽ പോവാത്ത സമയത്താണ്. ഓഫീസ് ഉത്തരവ് ഇല്ലാതെ ഓഫീസിലിരുന്ന് ഔട്ട് ഡോർ രസീതി മുഖേന ഫ്രണ്ട് ഓഫീസ് വഴിയല്ലാതെ പിരിവ് നടത്തിയ രീതി ഗ്രാമ പഞ്ചായത്തിന്റെ 24.05.2018 ലെ 06/2018 നമ്പർ ഉത്തരവ് ക്ര.ന 6 ന് വിരുദ്ധമാണ്. ആയതിനുള്ള അടിയന്തിര സാഹചര്യം വിശദീകരിക്കേണ്ടതാണ്.

2. ഫ്രണ്ട് ഓഫീസിൽ സാങ്കേതിക തകരാർ മൂലം ഓൺലൈനായി രസീതി കൊടുക്കാൻ സാധിക്കാതെ വരുമ്പോൾ ഉപയോഗിക്കേണ്ട ഇന്ററപ്റ്റഡ് രസീതി ബുക്ക് 2019-20 ൽ ഇഷ്യു ചെയ്തിട്ടില്ല.

3. മേൽ പട്ടികയിലെ ക്ര.ന 2, ശ്രീ. രതീഷ് എ.പി യുടെ പേരിൽ 2019-20 സാമ്പത്തിക വർഷത്തിൽ ഇഷ്യു ചെയ്ത ഔട്ട് ഡോർ രസീതി ബുക്ക് 39488 ലെ 1ാം താൾ ഉപയോഗിച്ച് ശ്രീ. പുതിയത്ത് അഷ്റഫ് / സാബിറ ന്റെ

പേരിലുള്ള 12/66 കെട്ടിടത്തിന്റെ വസ്തു നികുതി 24.05.2019 ന് 310 അടച്ച, രതീഷ് ഔട്ട് ഡോർ പിരിവ് തുകയായ 310 രൂപ 11930100719 നമ്പർ പ്രകാരം സാംഖ്യയിൽ അടവാക്കി, സഞ്ചയയിൽ യഥാ സമയം പോസ്റ്റിംഗ് ചെയ്തില്ല. ശ്രീ. പുതിയത്ത് അഷ്റഫ് / സാബിറ 31.05.2019 ന് 2019-20 ലെ 12/66 കെട്ടിടത്തിന്റെ വസ്തു നികുതി 310 രണ്ടാമതും ഫ്രണ്ട് ഓഫീസിൽ 11930100829 അടവാക്കി. 310 രൂപ തിരികെ നൽകി ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

4. സഞ്ചയ പോസ്റ്റിംഗ് അപ്രൂവൽ അതോറിറ്റിയായ സെക്രട്ടറി, ജെ.എസ് എന്നിവരുടെ എെഡിയിൽ കയറി ടെക്നിക്കൽ അസിസ്റ്റന്റ്, ക്ലാർക്ക് എന്നിവർ അപ്രൂവ് ചെയ്യുന്ന രീതിയാണ് നിലവിൽ കണ്ടു വരുന്നത്. ആയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. സഞ്ചയ പോസ്റ്റിംഗ് അപ്രൂവൽ /മേൽനോട്ടം വഹിക്കുന്നതിന് കൃത്യമായ ഓഫീസ് ഉത്തരവ് മുഖാന്തിരം ആരേയും ചുമതലപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-2 കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അനധികൃത നിർമ്മാണങ്ങൾ -റഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവൽകരിച്ച് നൽകിയതിന്റെ വിശദാംശങ്ങൾ - സംബന്ധിച്ച്

2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6 ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ താഴെ പറയുന്ന അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

| ക്രമ നം. | കെട്ടിടം | ആകെ തറവിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഈടാക്കേണ്ട ക്രമവൽക്കരണ ഫീ ($7X2=14/M^2$) |
|---|---|---|---|
| 1 | വനിതാ ഹോസ്റ്റൽ ബ്ലോക്ക് | 6689.57 $M^2$ | 93653.98 |
| 2 | വി.ഐ.പി ഗസ്റ്റ് ഹൗസ് | ക്രമവൽകരിച്ചു | |
| 3 | സയൻസ് ബ്ലോക്ക്, ലൈഫ് സയൻസ് ഡിപ്പാർട്ട്മെന്റ് | പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | |
| 4 | കമ്പ്യൂട്ടർ സെന്റർ/ (E-Campus for scaling up of existing facility to upgrade the needs of computer science, I.C.T, Statistical & Mathematical Science) | 2860 $M^2$ | 40040 |
| 5 | സയൻസ് ബ്ലോക്ക് | 2980 $M^2$ | 41720 |
| 6 | എജ്യൂക്കേഷൻ ബ്ലോക്ക്, PMMMNMTT. | 676.24 $M^2$ | 9467.36 |
| 7 | ആനിമൽ ഹൗസ് | 491.30 $M^2$ | 6878.2 |
| 8 | മാസ് കമ്മ്യൂണിക്കേഷൻ & ജേർണലിസം | 2297.42 $M^2$ | 32163.88 |
| 9 | ഡി.എസ്.യു. & ബുക്ക് ഷോപ്പ് | 244.46 $M^2$ | 3422.44 |
| 10 | പ്രസ്സ് കെട്ടിടം | 134 $M^2$ | 1876 |
| 11 | പബ്ലിക്കേഷൻ ഡിവിഷൻ & ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് | 1376.46 $M^2$ | 19270.44 |
| 12 | ഓഫീസ് - ബൊട്ടാണിക്കൽ ഗാർഡൻ | 40.66 $M^2$ | 569.24 |
| 13 | ജിഞ്ചർ ഹൗസ് | 158.48 $M^2$ | 2218.72 |
| 14 | ജിഞ്ചർ വില്ല | 500 $M^2$ | 7000 |
| 15 | സ്പൈസ് ഹൗസ് | 83.43 $M^2$ | 1168.02 |
| 16 | ഗാന്ധിയൻ ചെയർ | 152 $M^2$ | 2128 |
| 17 | സർവ്വകലാശാല കഫേ | 308 $M^2$ | 4312 |
| 18 | കോൺഫിഡൻഷ്യൽ സെക്ഷൻ (പ്രസ്സ്) | 25.70 $M^2$ | 359.8 |

| | | | |
|---|---|---|---|
| 19 | പ്രസ്സ് ഫാക്ടറി കെട്ടിടം | 378 $M^2$ | 5292 |
| 20 | ഓഫ് സെറ്റ് സെക്ഷൻ | 86.29 $M^2$ | 1208.06 |
| 21 | മെഡിസിനൽ പ്ലാന്റ്സ് കെട്ടിടം | 180 $M^2$ | 2520 |
| 22 | ഗ്രീൻ ഹൗസ് | 106.26 $M^2$ | 1487.64 |
| 23 | ചെയർ ഓഫ് സനാതന ധർമ്മ, ഗാന്ധിയൻ അഡൾട്ട് എഡ്യുക്കേഷൻ, സെന്റർ ഫോർ വുമൺസ് | 478.03 $M^2$ | 6692.42 |
| 24 | ക്രിസ്റ്റ്യൻ ചെയർ, സി.എച്ച്. മുഹമ്മദ് കോയ ചെയർ, വുമൺ സ്റ്റഡീസ് | 581 $M^2$ | 8134 |
| 25 | ഡീൻ ഓഫീസ്, സ്റ്റുഡൻസ് യൂണിയൻ ഓഫീസ് | 368 $M^2$ | 5152 |
| 26 | ബി.എസ്.സി.ഹെൽത്ത് സയൻസ് കെട്ടിടം | 805.50 $M^2$ | 11277 |
| 27 | ബി.എസ്.സി.ഹെൽത്ത് സയൻസ് ലാബ് | 403.50 $M^2$ | 5649 |
| 28 | വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് , പമ്പ് ഹൗസ് & സ്റ്റോർ | 205.73 $M^2$ | 2880.22 |
| 29 | ബയോ ടെക്നോളജി | 1496 $M^2$ | 20944 |
| 30 | ഫിസിക്സ് | 2700 $M^2$ | 37800 |
| 31 | കെമിസ്ട്രി | 2244 $M^2$ | 31416 |
| 32 | എം.ഫിൽ ലാബ് ഓഫ് കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് | 135 $M^2$ | 1890 |
| 33 | സുവോളജി | 2427 $M^2$ | 33978 |
| 34 | ബോട്ടണി | 2244 $M^2$ | 31416 |
| 35 | ഇന്റർ സർവ്വകലാശാല സെന്റർ ഫോർ പ്ലാന്റ് ബയോ ടെക്നോളജി & നാനോ സയൻസ് | 1498 $M^2$ | 20972 |
| 36 | സർവ്വകലാശാല സയൻസ് ഇൻസ്ട്രുമെന്റേഷൻ സെന്റർ | 535 $M^2$ | 7490 |
| 37 | ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടർ സയൻസ് | 1622 $M^2$ | 22708 |
| 38 | ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ സയൻസ് ബ്ലോക്ക് | 178 $M^2$ | 2492 |
| 39 | ഏക്സിലറേഷൻ ബിൽഡിംഗ് | 550 $M^2$ | 7700 |
| 40 | ടീച്ചേർസ് ഫ്ലാറ്റ് | 1400 $M^2$ | 19600 |
| 41 | മാനസ്ക്രിപ്റ്റ് ലൈബ്രറി | 404 $M^2$ | 5656 |
| 42 | മാധവ ഒബ്സർവേറ്ററി | 291 $M^2$ | 4074 |
| 43 | സൈമൾട്ടേഷൻ & ഡാറ്റ അനാലസിസ് സെന്റർ | 316 $M^2$ | 4424 |
| 44 | വനിത ഹോസ്റ്റൽ കെട്ടിടം (പഴയത്) | 1870 $M^2$ | 26180 |
| 45 | വനിത ഹോസ്റ്റൽ കെട്ടിടം (പുതിയത്) & റിസേർച്ച് ബ്ലോക്ക് | 5991 $M^2$ | 83874 |
| 46 | ഹ്യൂമാനിറ്റീസ് ബ്ലോക്ക് | 1956 $M^2$ | 27384 |
| 47 | ഐ.ഇ.ടി. മെയിൻ ബ്ലോക്ക് | 6237 $M^2$ | 87318 |
| 48 | ഐ.ഇ.ടി. വർക്ക് ഷോപ്പ് ബിൽഡിംഗ് (4 എണ്ണം) | 2800 $M^2$ | 39200 |
| 49 | ഐ.ഇ.ടി. വനിത ഹോസ്റ്റൽ | 1418 $M^2$ | 19852 |

| | | | |
|---|---|---|---|
| 50 | ഐ.ഇ.ടി. മെൻസ് ഹോസ്റ്റൽ | 1158 $M^2$ | 16212 |
| 51 | കഫേറ്റീരിയ | 451 $M^2$ | 6314 |
| 52 | സെമിനാർ കോംപ്ലക്സ് | 1481 $M^2$ | 20734 |
| 53 | ഗസ്റ്റ് ഹൗസ് പഴയ ബ്ലോക്ക് | 638 $M^2$ | 8932 |
| 54 | ഡേ കെയർ സെന്റർ | 71 $M^2$ | 994 |
| 55 | എഡ്യൂക്കേഷൻ കോംപ്ലക്സ് | 3150 $M^2$ | 44100 |
| 56 | വർക്കിംഗ് വുമൺസ് ഹോസ്റ്റൽ | 532 $M^2$ | 7448 |
| 57 | മെൻസ് ഹോസ്റ്റൽ കെട്ടിടം (പുതിയത്) | 2689 $M^2$ | 37646 |
| 58 | മെൻസ് ഹോസ്റ്റൽ റിസേർച്ച് | 1607 $M^2$ | 22498 |
| 59 | മെൻസ് ഹോസ്റ്റൽ അനക്സ് | 1608 $M^2$ | 22512 |
| 60 | മെൻസ് ഹോസ്റ്റൽ വാച്ച്മാൻ ബൂത്ത് | 54 $M^2$ | 756 |
| 61 | പമ്പ് ഹൗസ് | 145 $M^2$ | 2030 |
| 62 | മൾട്ടി ഡിസിപ്ലിനറി മ്യൂസിയം (പുതിയത്) | 2590 $M^2$ | 36260 |
| 63 | ലേഡീസ് ഹോസ്റ്റൽ എവറസ്റ്റ് ബ്ലോക്ക് | 3755 $M^2$ | 52570 |
| 64 | അനക്സ് ബിൽഡിംഗ് ഫോർ ലൈഫ് സയൻസ് | 185 $M^2$ | 2590 |
| 65 | സെൻട്രൽ കമ്പോസിറ്റ് ബ്ലോക്ക് ഫോർ സയൻസ് ഡിപ്പാർട്ട്മെന്റ്സ് | 3270 $M^2$ | 45780 |
| 66 | വി.വി.ഐ.പി.ഗസ്റ്റ് ഹൌസ് | 1208 $M^2$ | 16912 |
| 67 | ഇ.എം.എം.ആർ.സി.അനക്സ് ബിൽഡിംഗ് | 127 $M^2$ | 1778 |
| | | ആകെ | 11,98,974 |

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള മേൽ കെട്ടിട നിർമ്മാണങ്ങളുടെ (ക്രമനമ്പർ 1,2,3 - 2017-18 വർഷത്തിൽ ലഭിച്ച അപേക്ഷകൾ, ക്രമനമ്പർ 4 മുതൽ 67 വരെ സ്രോതസ്സ് – കാലിക്കറ്റ് യൂണിവേഴ്സിറ്റി ഓഡിറ്റ് റിപ്പോർട്ട് 2015-16 ഖണ്ഡിക 2-1) ക്രമവൽക്കരണ ഫീ ഈടാക്കി ക്രമവൽകരിച്ചതിന്റേയോ തുടർനടപടി സ്വീകരിച്ചതിന്റേയോ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (2/26.06.2019) ന് (ക്ര.ന 2) 1241.07 ച.മീറ്റർ വിസ്തൃതിയുള്ള വി.ഐ.പി ഗസ്റ്റ് ഹൗസ് കെട്ടിടത്തിന്റെ നിർമാണം ക്രമവൽകരിച്ച് 4/441 കെട്ടിടനമ്പർ അനുവദിച്ചു എന്നും മറ്റു കെട്ടിടങ്ങൾ ക്രമവൽകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ 24.06.2018 തിയതിയിലെ സി 6-12891/2018 നമ്പർ സർക്കുലർ നിർദ്ദേശം 5 പ്രകാരം നടത്തുന്ന അദാലത്തിൽ പരിശോധിച്ച് നടപടി ക്രമങ്ങൾ പാലിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിന് രജിസ്ട്രാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും പ്ലാൻ സമർപ്പിക്കുന്ന മുറയ്ക്ക് ടി കെട്ടിട നിർമാണങ്ങൾ ക്രമവൽകരിച്ച് നൽകി വസ്തു നികുതി ഈടാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ 24.06.2018 തിയതിയിലെ സി 6-12891/2018 നമ്പർ സർക്കുലർ നിർദ്ദേശം 5 പ്രകാരം സമയബന്ധിതമായി അദാലത്ത് നടത്തി ടി കെട്ടിട നിർമാണങ്ങൾ ക്രമവൽകരിച്ച് നൽകാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

തേഞ്ഞിപ്പലം പി.എച്ച്.സി ഹെൽത്ത് ഇൻസ്പെക്ടർ ലഭ്യമാക്കിയ രേഖ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷം സാനിറ്ററി സർട്ടിഫിക്കറ്റ് എടുത്തിട്ടില്ല.

| ക്ര.ന | സ്ഥാപനത്തിന്റെ പേര് | സ്ഥലം | റിമാർക്സ് |
|---|---|---|---|
| 1 | ഹോട്ടൽ അളകാപുരി | യൂണിവേഴ്സിറ്റി | |
| 2 | ഹോട്ടൽ മാള | യൂണിവേഴ്സിറ്റി | കെട്ടിട നമ്പർ ഇല്ല |
| | | | |

| | | | |
|---|---|---|---|
| 3 | ജി.എം.എച്ച്.എസ്.എസ് കാന്റീൻ | യൂണിവേഴ്സിറ്റി | കെട്ടിട നമ്പർ ഇല്ല |
| 4 | ഹോട്ടൽ ഗ്രാന്റ് അറേബ്യൻ | കോഹിനൂർ | |
| 5 | കോഹിനൂർ ബേക്കറി & ഹോട്ടൽ | കോഹിനൂർ | |
| 6 | ഹോട്ടൽ കരുണ | പാണമ്പ്ര | |
| 7 | DMS ഹോസ്പിറ്റൽ കാന്റീൻ | മേലേ ചേളാരി | |
| 8 | കതിർ ഫുഡ്സ് | ദേവതിയാൽ | |
| 9 | ഹോട്ടൽ കോമിഡ | പാണമ്പ്ര | |
| 10 | ഹോട്ടൽ തനിനാടൻസ് | ചേളാരി | |
| 11 | ആലീസ് തട്ടുകട | യൂണിവേഴ്സിറ്റി | |

2018-19 ലെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം മേൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 19/28.06.2019 ക്ക് ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നൽകി വിവരം ബോധിപ്പിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. അനധികൃതനിർമാണം ക്രമവൽക്കരിക്കുന്നത് ഉൾപ്പെടെയുള്ള തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സ.ഉ (പി) നം. 80/2017/ ത.സ്വ.ഭ.വ തി. 31.10.2017 പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ ഭേദഗതി ചെയ്ത് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ 1996 എന്നു മാറ്റി ഉത്തരവായിട്ടുള്ളതും, ഭേദഗതി ചട്ടങ്ങൾക്ക് 31.10.2017 മുതൽ പ്രാബല്യമുള്ളതും, 01.04.2018 മുതൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ പ്രകാരം ലൈസൻസ് നൽകിയ സ്ഥാപനങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിക്കുവാൻ നിഷ്കർഷിച്ചിട്ടുള്ളതുമാണ്. എന്നാൽ 2018-19 വർഷത്തിൽ തുടർന്നും മുഴുവൻ സ്ഥാപനങ്ങൾക്കും ഡി & ഒ ലൈസൻസാണ് നൽകിയിട്ടുള്ളത്. 31.10.17 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം പട്ടിക II (ചട്ടം 7)പ്രകാരമുള്ള പുതുക്കിയ ഫീസ് ഇൻവെസ്റ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കേണ്ടത്. നിലവിൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി വരുന്ന രീതി മാറേണ്ടതും പുതുക്കിയ ഉത്തരവ് നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രത്യേകം ബൈലോ തയ്യാറാക്കുകയോ ,അല്ലെങ്കിൽ വിവിധ സ്ഥാപനങ്ങൾ തിരിച്ച് ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്ത് പ്രത്യേക തീരുമാനം എടുക്കുകയോ ചെയ്യേണ്ടതാണ്. അപാകത പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്

## 2-4 വനിതാ വ്യവസായ കേന്ദ്രത്തിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വനിതാ വ്യവസായ വികസന കേന്ദ്രം (കൊയപ്പ , ദേവതിയാൽ) ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായി ശ്രീ. രമേശ് കുമാരൻ എൻ എന്ന വ്യക്തിക്ക് 03.09.2013 മുതൽ അഞ്ച് വർഷത്തേക്ക് ചെറുകിട വ്യവസായ യൂണിറ്റ് നടത്താനുള്ള കരാറിൽ വാടകക്ക് നൽകിയിട്ടുണ്ട്. 14.06.2018 തീയ്യതിയിൽ നടന്ന പഞ്ചായത്തിന്റെ സാധാരണ യോഗം തീരുമാന നം. 2/1 പ്രകാരം ടിയാന് വാടക കാലാവധി പൂർത്തീകരിച്ചതിനു ശേഷം (02.09.2018ന് ശേഷം) കരാർ പുതുക്കിനൽകേണ്ടതില്ല എന്നു തീരുമാനിക്കുകയും ആയതിനെതിരെ ടിയാൻ ബഹു ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതിയുടെ 26.11.2018 ലെ WP(C) 28743/2018 വിധിന്യായ പ്രകാരം കരാർ പുതുക്കി നൽകാൻ നിർദ്ദേശച്ചതിനനുസരിച്ച് ഭരണ സമിതിയുടെ 11.01.2019 2(1) നമ്പർ തീരുമാനപ്രകാരം കരാർ കാലാവധി അവസാനിച്ച തിയതി മുതൽ ഒരു വർഷത്തേക്ക് മാത്രം പുതുക്കി

നൽകാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 16.01.2019 ലെ J1/9200/18 നമ്പർ കത്ത് മുഖേന എഗ്രിമെന്റ് പുതുക്കാൻ ടിയാനെ രേഖാമൂലം സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

എന്നാൽ ഓഡിറ്റ് തിയതി വരെ (28.06.2019) വരെ ടിയാൻ ഗ്രാമ പഞ്ചായത്തുമായുള്ള കരാർ പുതുക്കുകയോ, സ്ഥാപനം നടത്തി കൊണ്ട് പോവുന്നതിനാവശ്യമായ ഡി ആന്റ് ഒ ലൈസൻസ് കരസ്ഥമാക്കുകയോ ചെയ്യാതെ അനധികൃതമായി വനിതാ വ്യവസായ വികസന കേന്ദ്രത്തിൽ ടിയാന്റെ പേരിൽ ശാരദാ മെറ്റൽ എന്ന സ്ഥാപനവും ടിയാന്റേയും ടിയാന്റെ ഭാര്യയുടേയും പേരിൽ അനുഗ്രഹ മെറ്റൽസ് എന്ന സ്ഥാപനവും നടത്തികൊണ്ടിരിക്കുന്നതായി ഓഡിറ്റ് അന്വേഷണത്തിന്റെ ഭാഗമായി പഞ്ചായത്ത് അധികൃതർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 27.06.2019 ന് പഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ടിന്റെ സാനിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ 07/124 നമ്പർ കെട്ടിടത്തിൽ ശാരദാ മെറ്റൽസും 7/125A നമ്പർ കെട്ടിടത്തിൽ അനുഗ്രഹ മെറ്റൽസ് എന്ന സ്ഥാപനവും അനധികൃതമായി നടത്തിവരുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (14/28.06.2019) മറുപടിയിൽ അനധികൃതമായി കൈവശം വെച്ചിരിക്കുന്ന കെട്ടിടം ഒഴിപ്പിക്കുന്നതിനായി 03.05.2019 ലെ പഞ്ചായത്ത് ഭരണസമിതിയുടെ 8/2 തീരുമാന പ്രകാരം 20.05.2019 ന് സെക്രട്ടറി ഒഴിപ്പിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആയതിനെതിരെ ടിയാൻ ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണൽ മുമ്പാകെയും, ബഹു കേരള ഹൈക്കോടതി മുമ്പാകെയും കേസുകൾ ഫയൽ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ കേസ് നടപടി പൂർത്തീകരിച്ച് ഉത്തരവാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരുന്ന് പൂർണമായും ലഭ്യമായില്ല

പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന നേരിട്ട് KMSCL തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | ചെലവ് തുക (പ്രഫോർമ ഇൻവോയിസ് പ്രകാരം) | ബിൽ നമ്പർ/ തിയ്യതി |
|---|---|---|
| (SOO33/19 ) PHC യിലേക്ക് മരുന്ന് വാങ്ങൽ | 2,00,000 | 08/2018-19 / തി 23-11-2018<br>(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |

നാളിതു വരെ മരുന്നുകൾ ലഭ്യമായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ | തിയതി | തുക |
|---|---|---|
| 40082 | 06.03.2019 | 30851 |
| 2763 | 18.03.2019 | 33912 |
| 40550 | 19.03.2019 | 10284 |
| 31 | 03.04.2019 | 7891 |
| | ആകെ | 82938 |

അവശേഷിക്കുന്ന 117062 രൂപയുടെ മരുന്നുകൾ (200000-82938)ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/26.06.2019) മരുന്നുകൾ ലഭ്യമാകുന്ന

മുറക്ക് പരിശോധനക്ക് ഹാജരാക്കാമെന്ന് അറിയിച്ചു. 117062 രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നത് വരെ തുക തടസ്സം ചെയ്യുന്നു.

# 3-2 മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവഹണത്തിലെ/ രേഖകൾ ഹാജരാക്കിയതിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷം അലോപതി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ/രേഖകൾ ഹാജരാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

<u>1 പരിരക്ഷ – മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല</u>

പാലിയേറ്റീവ് പരിചരണത്തിനു വേണ്ടി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ (സ.ഉ(ആർ.ടി) 3217/15/ ത.സ്വ.ഭ.വ തിയതി 29-10-2015) നിർദ്ദേശങ്ങൾ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പരിരക്ഷ (പ്രോജക്റ്റ് നമ്പർ S0032/19) പാലിച്ചിട്ടില്ല.

1) മാർഗ്ഗരേഖ 2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം "' *ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല."എന്നാൽ നാളിതു വരെ *നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ <u>www.lsgkerala.in/thenhipalampanchayat</u> പ്രസിദ്ധീകരിച്ചിട്ടില്ല

2) മാർഗ്ഗരേഖ 2.10.8 പ്രകാരം എല്ലാ ചെലവുകളും അതാത് സ്ഥാപനത്തിന്റെ വ്യക്തിയുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് വേണ്ടത്, യാതൊരു കാരണവശാലും പണമായോ, ചെക്കായോ തുക ചെലവഴിക്കാൻ പാടില്ല, എന്നാൽ വാഹന റിപ്പയർ ചെലവുകൾ, ഇന്ധന ചെലവുകൾ മുതലായവ അതാത് വ്യക്തികളുടെ / സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് മാറ്റേണ്ടതിനു പകരം താത്കാലിക ഡ്രൈവർ ശ്രീ. രവീന്ദ്രൻ നായരുടെ അക്കൗണ്ടിലേക്കാണ് മാറ്റിയിട്ടുള്ളത്. ആയത് ക്രമ പ്രകാരമല്ല.

3 ഭക്ഷണം, നഴ്സിനുള്ള ഓണറേറിയം, വാഹന വാടക മുതലായ ചെലവുകളുടെ പെയ്മെന്റ് കൃത്യമായി നൽകേണ്ടത് ഹോം കെയറിന്റെ വിജയത്തിന് അത്യാവശ്യമാണ്. ഓരോ മാസത്തെയും ഇത്തരം പെയ്മെന്റുകൾ അടുത്ത മാസം 10-ാം തിയതിക്കു മുമ്പായി നിർബന്ധമായും നൽകേണ്ടതാണ്. പരിരക്ഷാ പദ്ധതിക്ക് വേണ്ടി വിശദമായി പ്രൊജക്ട് തയ്യാറാക്കി ഓരോ വർഷവും വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. സംയുക്ത പ്രോജക്ട് പാടില്ല. രജിസ്റ്റർ ചെയ്ത രോഗികൾക്ക് തുടർച്ചയായ പരിചരണം ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്. ആയതിനാൽ ഓരോ വർഷവും ഏപ്രിൽ മുതൽ തുടർന്ന് നടപ്പാക്കാവുന്നതും പ്രോജക്ടിന് അംഗീകാരം ലഭിച്ചില്ലെങ്കിൽ കൂടിയും താൽകാലികമായി തനത് ഫണ്ടിൽ നിന്ന് ചെലവ് വഹിച്ച് നടത്തേണ്ടതാണ്. ഇങ്ങനെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക പിന്നീട് പ്രോജക്ടിന് അംഗീകാരം ലഭിച്ചാൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിലെ പ്രോജക്ടിൽ 2019 ജനുവരി, ഫെബ്രുവരി, മാർച്ച് മാസത്തിലെ ഭക്ഷണത്തിനുള്ള ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/26.06.2019) അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചു.

<u>2.സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

സ.ഉ (അ) 177/2006 ധന.തിയ്യതി 12.04.2006 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ടി ആർ 7 A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും പഞ്ചായത്തിൽ നിന്നുള്ള ഫണ്ടിന്റേയും വരവുചെലവു രേഖപ്പെടുത്തണം കൂടാതെ ത.സ്വ.ഭവ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്ട് രജിസ്റ്റർ എന്നിവയും സൂക്ഷിക്കണം. എന്നാൽ മെഡിക്കൽ ഓഫീസർ പഞ്ചായത്ത് ഫണ്ട് വരവ്-ചെലവ് മാത്രം രേഖപ്പെടുത്തുവാൻ സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV) സൂക്ഷിക്കുന്നില്ല. പകരം ഒരു രജിസ്റ്ററിൽ

സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/26.06.2019) 2019-20 മുതൽ സൂക്ഷിക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.

**3. പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.**

2018-19 വർഷത്തെ പദ്ധതി മാർഗരേഖ ജി.ഒ (എം.എസ്) നം 11/2018 ത.സ്വ.ഭ.വ തിയതി 29.01.2018 ലെ ഖണ്ഡിക 11.4 പ്രകാരം പ്രോജക്റ്റ് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണ പത്രം തയ്യാറാക്കണം. പ്രോജക്റ്റിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ റിപ്പോർട്ടിൽ രേഖപ്പെടുത്തണം. മെഡിക്കൽ ഓഫീസർ നിർവഹണം ചെയ്ത 3 പ്രോജക്റ്റുകളുടെയും പൂർത്തീകരണ പത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/26.06.2019) ഭാവിയിൽ ശ്രദ്ധിക്കുമെന്ന് അറിയിച്ചു.

**4. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിച്ചിട്ടില്ല.**

പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും,യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. പ്രോജക്റ്റിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/26.06.2019) അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചു.

# 3-3 പ്രാഥമികാരോഗ്യ കേന്ദ്രം, ആയുർവേദ ഡിസ്പെൻസറി എന്നിവയുടെ HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9 (1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം(ജൂലൈ 31) HMC യുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ തേഞ്ഞിപ്പലം പ്രാഥമികാരോഗ്യ കേന്ദ്രം 2014-15 മുതൽ 2018-19 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/26.06.2019) 2019 ജൂൺ 30 നകം ഓഡിറ്റിന് ഹാജരാക്കുമെന്ന് അറിയിച്ചു.

ഗ്രാമ പഞ്ചായത്തിലെ ചെനക്കലങ്ങാടി ഗവ. ആയുർവേദ ഡിസ്പെൻസറി 2016-17 മുതൽ 2018-19 വരെയുള്ള HMC യുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 കടക്കാട്ടുപാറ സബ്സെന്റർ നവീകരണം- പൊളിച്ചുമാറ്റിയ ഓട്, മരം എന്നിവയുടെ വിനിയോഗ വിവരം ലഭ്യമായില്ല

പ്രൊജക്റ്റ് നമ്പർ- 169/19

വകയിരുത്തിയ തുക -100000

ചെലവുതുക- 87610 (ബിൽ നമ്പർ 4/18-19 തി,13.7.18)

കരാറുകാരൻ-- മുഹമ്മദ് സലിം

കടക്കാട്ടുപാറ സബ് സെന്റർ നവീകരണത്തിന്റെ ഭാഗമായി നിലവിലുള്ള ഓടിട്ട കെട്ടിടത്തിന്റെ മേൽക്കൂര പൊളിച്ചുമാറ്റി G.I.ഷീറ്റിടലും അനുബന്ധ പ്രവർത്തികളുമായി 2017-18 ൽ ആരംഭിച്ച പ്രവൃത്തി 2018-19ൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ ഇനം 1 പ്രവൃത്തി പ്രകാരം ഓടിട്ട മേൽക്കൂര പൊളിച്ചുമാറ്റി ഉപയോഗപ്രദമായ ഓടും മരവും എടുത്ത് മാറ്റിഅട്ടിയിടുന്നതിനും ഉപയോഗ യോഗ്യമല്ലാത്തവ ഉപേക്ഷിക്കുന്നതിനുമായി 93.എം സ്ക്വയർ പ്രവൃത്തി ചെയ്തതിന് 11080 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പൊളിച്ചുമാറ്റി അട്ടിയിട്ട ഓട്.മരം എന്നിവ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓട് ,മരം എന്നിവയുടെ വിനിയോഗ വിവരം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്കുള്ള മറുപടിയിൽ (13/27.06.2019) ഉപയോഗയോഗ്യമായ ടൈൽ സൈറ്റിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്നും ആയത് ലേലം ചെയ്ത് കിട്ടുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്, ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

(1) അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി കുടിവെള്ള ടാപ്പുകളുടെ ലൈൻ നീട്ടുന്നതിനായി വിവിധ പ്രൊജക്ടുകൾ പ്രകാരം വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . എന്നാൽ അടവാക്കിയ തുകയുടെ വിനിയോഗവിവരം ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ/ തിയതി | അടവാക്കിയ തുക | വിശദ വിവരം |
|---|---|---|---|---|
| 179/19 | K.W.A ലൈൻ എക് സ്റ്റൻഷൻ .കൊയപ്പ വിഷ്ണുക്ഷേത്രം റോഡ് | 2673297/ 16.2.19 | 200000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ P.H ഡിവിഷൻ മലപ്പുറം |
| 177/19 | K.W.A ലൈൻ എക് സ്റ്റൻഷൻ .കോഹിനൂർ ഗണപതി ക്ഷേത്രം റോഡ് | 2673286/ 29.1.19 | 1500000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ P.H ഡിവിഷൻ മലപ്പുറം |
| 181/19 | K.W.A ലൈൻ എക് സ്റ്റൻഷൻ .പറമ്പത്ത് കാവ് അനുഗ്രഹം റോഡ് | 2673288/ 29.1.19 | 150000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ P.H ഡിവിഷൻ മലപ്പുറം |
| 180/19 | K.W.A ലൈൻ എക് സ്റ്റൻഷൻ .മുക്കുട് വലിയപറമ്പ് റോഡ്. | 2673287/ 29.1.19 | 70000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ P.H ഡിവിഷൻ മലപ്പുറം |
| | ആകെ | | 1920000 | |

വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

(2) സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . എന്നാൽ അടവാക്കിയ തുകയുടെ വിനിയോഗവിവരം ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ/ തിയതി | അടവാക്കിയ തുക | സ്ഥാപനം |
|---|---|---|---|---|
| 130/19 | കൈമാറിക്കിട്ടിയ | 28/23.03.2019 | 360000 | കേരള വാട്ടർ |

| | | | | |
|---|---|---|---|---|
| | സ്ഥാപനങ്ങളിലേക്ക് K.W.A വാട്ടർ ലൈൻ കണക്ഷൻ | | | അതോറിറ്റി |
| 15/19 | S S A വിഹിതം അടവാക്കൽ | 05/16.07.2018 | 1000000 | പ്രോജക്റ്റ് ഓഫീസർ എസ് എസ് എ |
| 212/19 | PMAY ജനറൽ വിഹിതം അടവാക്കൽ | 2110374/ 12.03.2019 | 140000 | ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ തിരൂരങ്ങാടി |
| 123/19 | പകൽ വീടിലേക്ക് K.W.A കണക്ഷൻ നൽകൽ. | 29/23.03.2019 | 20000 | കേരള വാട്ടർ അതോറിറ്റി |
| 204/19 | മലയിൽ മുണ്ടിയന്മാട് തെറ്റമ്മൽ മാതാപ്പുഴ പ്രദേശത്ത് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 17/20.02.2019 | 599947 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് |
| | ആകെ | | 21,19,947 | |

വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

(3)അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . എന്നാൽ അടവാക്കിയ തുകയുടെ വിനിയോഗവിവരം ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രവർത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ/ തിയതി | അടവാക്കിയ തുക | സ്ഥാപനം |
|---|---|---|---|---|
| 211/19 | PMAY എസ് സി വിഹിതം അടവാക്കൽ | 14/21.03.2019 | 70000 | ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ തിരൂരങ്ങാടി |
| 26/19 | S S A എസ് സി വിഹിതം അടവാക്കൽ | 05/20.12.2018 | 150000 | പ്രോജക്റ്റ് ഓഫീസർ എസ് എസ് എ |
| 138/19 | അരീപ്പാറ എസ് സി കോളനി- K.W.A ലൈൻ മാറ്റി | 06/19.01.2019 | 100000 | കേരള വാട്ടർ അതോറിറ്റി |
| | | 1490080/ 17.01.2019 | 1000000 | |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കലും നീട്ടലും | | | |
| 186/19 | എസ് സി കോളനികളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 08/13.03.2019 | 929002 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് |
| | ആകെ | | 23,49,002 | |

വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. അതു വരെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

# 3-6 മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കപ്പെട്ടില്ല. പഞ്ചായത്ത് ഫണ്ടിൽ നിന്നും വൻ തുക പാഴായി.

സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 107 പ്രൊജക്ടുകളാണ് നടപ്പിലാക്കാനുണ്ടായിരുന്നത് (85 പുതിയ പ്രൊജക്ടുകളും,25 സ്പിൽ ഓവർ പ്രൊജക്ടുകളും). പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് വിവിധ ഫണ്ടിനങ്ങളിലായി 26458112 രൂപ വകയിരുത്തിയിട്ടുണ്ട്. മൊത്തം അംഗീകാരം ലഭിച്ച 107 മരാമത്ത് പ്രൊജക്ടുകളിൽ 61 പ്രൊജക്ടുകൾക്ക് മാത്രമാണ് സാമ്പത്തിക വർഷത്തിൽ തുക ചെലവഴിച്ചിരിക്കുന്നത് (പുതിയത് 45, സ്പിൽ ഓവർ 16). പ്രൊജക്ടുകളുടെ നിർവഹണത്തിന് 11855071 രൂപ വിവിധ ഫണ്ടുകളിൽ നിന്നും ചെലവഴിക്കപ്പെട്ടിട്ടുണ്ട്.44.8% മാത്രമാണ് മരാമത്ത് പ്രോജക്ടുകളിൽ സാമ്പത്തിക വർഷത്തെ ചെലവ്. 2017-18 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പ്രൊജക്ടുകളിൽ (സ്പിൽ ഓവർ പ്രൊജക്ട്) 16 എണ്ണത്തിന് 2018-19സാമ്പത്തിക വർഷത്തിലും തുകയൊന്നും ചെലവഴിച്ചതായി കാണുന്നില്ല, വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയ്ന്റനൻസ് ഗ്രാന്റ് ഇനങ്ങളിൽ 22181824 രൂപ വകയിരുത്തിയതിൽ 10333418 രൂപ മാത്രമെ സാമ്പത്തിക വർഷത്തിൽ ചെലവഴിക്കപ്പെട്ടിട്ടുള്ളു.മരാമത്തു പ്രവൃത്തികളുടെ ചെലവു കുറവായതിനാൽ മാത്രം 11848406 രൂപ സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരികെ പോയിട്ടുണ്ട്. പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരെ കൊണ്ട് ആയത് സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിൽ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട പൊതുമരാമത്ത്, ഊർജം വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി എന്നിവ കാര്യമായി ശ്രദ്ധചെലുത്താത്തതാണ് ഇത്രയും തുക പാഴാവാൻ ഒരു കാരണം , കൂടാതെ പ്രൊജക്ടുകളുടെ ബാഹുല്യവും ,സ്ഥിരമായ നിർവഹണ ഉദ്യോഗസ്ഥന്റെ അഭാവവും മരാമത്ത് പ്രൊജക്ടുകളുടെ നിർവഹണത്തെ ബാധിച്ചിട്ടുണ്ട്.അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ 11/26.06.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പ്രവൃത്തികൾ നടപ്പാക്കാത്തതിന് വിവിധ കാരണങ്ങൾ ബോധിപ്പിച്ചിട്ടുണ്ടെങ്കിലും വൻ തുക സർക്കാരിലേക്ക് തിരികെ പോയത് ശ്രദ്ധയിൽപ്പെടുത്തുന്നുവെന്നാണ് അറിയിച്ചിട്ടുള്ളത്. ഇത്തരം അപാകത വരും സാമ്പത്തിക വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-7 വിളക്കത്രമാട്-ചുള്ളോട്ട് പറമ്പ് റോഡ് പ്രവൃത്തി-കരാറുകാരനിൽ നിന്നും ഈടാക്കിയ G.S.T. തുക അടവാക്കിയില്ല.

പ്രൊജക്ട് നമ്പർ- 57/ 19

വകയിരുത്തിയ തുക- 400000

ചെലവഴിച്ച തുക- 346800 (bill No 10/18-19dt 23.11.18)

വിളക്കത്രമാട് -ചുള്ളാട്ട് പറമ്പ് റോഡ് പ്രവൃത്തി കരാറുകാരനായ ശ്രീ ഷിയാസ്. കെ 113.3% കുറവിൽ ഏറ്റെടുത്ത് പൂർത്തീകരിച്ച് ഫൈനൽ ബിൽ കൈപ്പറ്റിയിട്ടുണ്ട്. ടിയാന് ഫൈനൽ ബിൽ അനുവദിച്ചപ്പോൾ വർക്ക് ബില്ലിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ ഈടാക്കിയ 6936 രൂപ (346800x2%) G.S.T.ഹെഡിൽ അടവാക്കാതെ നാളിതുവരെ പഞ്ചായത്തിന്റെ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കയാണ്. തുക ഓഡിറ്റ് തിയ്യതി വരെ അടവാക്കാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 10/27.06.2019 നമ്പർ ഓഡിറ്റ്

എൻക്വയറിക്കുള്ള മറുപടിയിൽ തുക എത്രയും പെട്ടന്ന് അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടാതെ ആശ്രയ ഗുണഭോക്താക്കൾ

ഗ്രാമപഞ്ചായത്തിൽ ആശ്രയ ഗുണഭോക്താക്കൾക്കായി സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ഫണ്ട്/ ചലഞ്ച് ഫണ്ട് മുതലായവ വിനിയോഗിച്ച് അവരുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയതായി കാണുന്നില്ല. ഒന്നാം ഘട്ട ആശ്രയ പദ്ധതിയിൽ ഉൾപെട്ട 157 കുടുംബങ്ങളിൽ തുടർ സേവനം ആവശ്യമുള്ള 83 കുടുംബങ്ങൾക്ക് അവശ്യം വേണ്ടതായ ഭക്ഷണം ,പാർപ്പിടം മുതലായ അടിസ്ഥാന ആവശ്യങ്ങൾക്ക് സാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. ഒന്നാം ഘട്ട ആശ്രയ പദ്ധതിക്കായി 2010-11 സാമ്പത്തിക വർഷത്തിൽ ലഭിച്ച ചലഞ്ച് ഫണ്ടിൽ പലിശ ഉൾപ്പെടെ 397263 രൂപ 31.3.19 ൽ നീക്കിയിരിപ്പുണ്ടായിരുന്നിട്ടും അർഹരായ ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികളൊന്നും കുടുംബശ്രീ മുഖേന കൈകൊണ്ടതായി കാണുന്നില്ല. പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ 200000 രൂപയും 2018-19ൽ 100000 രൂപയും ഉൾപ്പെടെ ആകെ 3 ലക്ഷം രൂപ കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ടെങ്കിലും വ്യക്തമായ പ്രൊജക്റ്റിന്റെ അഭാവത്തിൽ തുക വിനിയോഗിക്കാതെ കുടുംബശ്രീയുടെ പേരിലുള്ള ആശ്രയ അക്കൗണ്ടിൽ കിടക്കുകയാണ്. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതും വിനിയോഗിക്കാതെ കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്ന പദ്ധതി വിഹിതം തിരികെ അടവാക്കാൻ നടപടികൾ കൈകൊള്ളേണ്ടതുമാണ്.

## 3-9 അടിസ്ഥാന സൗകര്യം ഒരുക്കിയില്ല; തേഞ്ഞിപ്പലം പ്രാഥമികാരോഗ്യത്തിലെ ജീവനക്കാരും രോഗികളും ഒരു പോലെ ബുദ്ധിമുട്ടുന്നു.

1964ൽ രൂപീകരിച്ച തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ പെരുവള്ളൂർ പ്രാഥമികാരോഗ്യ കേന്ദ്രം ആയിരുന്നു. പിന്നീട് 2000 ൽ പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് രൂപീകരിക്കുകയും പെരുവള്ളൂർ പി.എച്ച്.സി പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ ഭാഗമാവുകയും ചെയ്തതോടെ തേഞ്ഞിപ്പലം പഞ്ചായത്ത് നിവാസികൾ ആശ്രയിച്ചത് പെരുവള്ളൂർ പി.എച്ച്.സി യെയാണ്. പിന്നീട് 2013 ലാണ് തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട പാണമ്പ്ര എന്ന സ്ഥലത്ത് അഞ്ചാം വാർഡിൽ 243, 244, 245 കെട്ടിട നമ്പറുകളിലായി (118 $m^2$) സ്ഥിതി ചെയ്യുന്ന ഓട് മേഞ്ഞ ശ്രീ മുഹമ്മദ് ഷരീഫ് എന്നവരുടെ ഉടമസ്ഥതയിലുള്ള വാടകകെട്ടിടത്തിൽ പി.എച്ച്.സി തേഞ്ഞിപ്പലം പ്രവർത്തനം തുടങ്ങിയത്. ഇന്നും അവിടെത്തന്നെ പ്രവർത്തിക്കുന്ന പി.എച്ച്.സി അടിസ്ഥാന സൗകര്യങ്ങളില്ലാതെ വീർപ്പുമുട്ടുകയാണ്.




പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ രണ്ടാം വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നമ്പർ 11/2018 ത.സ്വ.ഭ.വ തിയതി 29.01.2018 ൽ ഖണ്ഡിക 2.2 (5) പ്രകാരം സേവന പ്രദാന സംവിധാനമായ ആശുപത്രികളിൽ ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വർദ്ധിച്ച ഗുണമേൻമയിലും സമയബന്ധിതമായും ലഭ്യമാക്കുക എന്ന് പറയുന്നുണ്ട്. എന്നാൽ ഡോക്ടറെ കാണുന്നതിനായി രോഗികൾക്ക് കാത്തു നിൽക്കുവാൻ മതിയായ സൗകര്യങ്ങളില്ല.

വലിയൊരു തുക വർഷം തോറും കെട്ടിട ഉടമക്ക് പഞ്ചായത്ത് നൽകുന്നുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനുള്ള സ്ഥലം പരിമിതമാണ്.

എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ(LSGD) 24.06.2015 ലെ എ.4-General/2015 കത്ത് പ്രകാരം ടി കെട്ടിടത്തിന് 12,747 രൂപ പ്രതിമാസ വാടകയായി നിശ്ചയിച്ചിട്ടുണ്ട്. പി.എച്ച്.സിക്ക് വാടക നൽകൽ എന്ന പ്രോജക്ട് മുഖേനയാണ് എല്ലാ വർഷവും വാടക നൽകുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതിയുടെ പേര് /നമ്പർ | തുക |
|---|---|---|
| 2016-17 | പി.എച്ച്.സി വാടക (SO100/17) | 4,00,000 |
| 2017-18 | പി.എച്ച്.സി വാടക (SO207/18) | 2,00,000 |
| 2018-19 | പി.എച്ച്.സി വാടക (SO003/19) | 153061 |

16.06.2018 ലെ ജി.ഒ (എം.എസ്) 113/2018 ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് ഉത്തരവ് പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയെങ്കിലും ഈയൊരു ഭൗതിക സാഹചര്യത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുവാൻ സാധിക്കില്ല. ആയതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുവാൻ ടി കെട്ടിടത്തിൽ സാധിക്കില്ല. പഞ്ചായത്തിലെ ആരോഗ്യ കർമ്മ സമിതി(വർക്കിംഗ് ഗ്രൂപ്പ്) മിനുട്സ് പരിശോധിച്ചതിൽ 24.11.2018 ലെ 5ാം നമ്പർ

തീരുമാന പ്രകാരം പി.എച്ച്സിക്ക് സ്ഥലം വാങ്ങൽ എന്ന നിർദ്ദേശം ഉയർന്നിട്ടുണ്ട്. 12ാം നമ്പർ തീരുമാന പ്രകാരം PHC കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനായി 7ാം വാർഡിലെ വ്യവസായ കേന്ദ്രത്തിലേക്ക് പി.എച്ച്.സി കെട്ടിടം മാറ്റി ഉപയോഗ യോഗ്യമാക്കുക എന്ന നിർദ്ദേശവും വന്നിട്ടുണ്ട്. 11.12.2018 ലെ 5ാം നമ്പർ നിർദ്ദേശം പി.എച്ച്.സി ക്ക് കെട്ടിട നിർമാണത്തിന് സ്ഥലം കണ്ടെത്തുക അല്ലങ്കിൽ സൗകര്യപ്രദമായ വാടക കെട്ടിടം കണ്ടെത്തുക എന്നുള്ളതായിരുന്നു.
ഗ്രാമ പഞ്ചായത്തിന്റെ ആരോഗ്യം -വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ 14.01.2017 ലെ അജണ്ട – 8 പ്രകാരം ചാപ്പപ്പാറ മിനി സ്റ്റേഡിയത്തിന്റെ 30 സെന്റ് സ്ഥലമെങ്കിലും മാറ്റിവെച്ച് പ്രസിഡന്റ് ഉൾപ്പെടുന്ന 4 അംഗ കമ്മിറ്റി ഉണ്ടാക്കി ബിൽഡിംഗ് പ്ലാൻ എസ്റ്റിമേറ്റ് അടക്കം ആരോഗ്യ വകുപ്പിൽ അറിയിക്കുന്നതിനുള്ള നടപടിയെടുക്കുന്നതിനും കെട്ടിടം നിർമിക്കുന്നതിനും ബോർഡിന്റെ അംഗീകാരത്തിന് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 17.06.2019 ലെ 6-ാം നമ്പർ തീരുമാന പ്രകാരം പി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താനും ടി ആവശ്യത്തിനു വേണ്ടി കെട്ടിടം വാടകക്ക് എടുക്കുകയോ പുതിയ കെട്ടിടം നിർമിക്കും വരെ വനിതാ വ്യവസായ കേന്ദ്രത്തിൽ സൗകര്യം ഒരുക്കുവാനും യോഗത്തിൽ വെച്ച് ബോർഡിലേക്ക് ശുപാർശ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. 08.08.2018 ലെ 1 നമ്പർ തീരുമാനം പി.എച്ച്.സി. നിർമാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തൽ – ബോർഡിനോട് ശുപാർശ ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ശുപാർശകളും തീരുമാനങ്ങളും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല.

സ്ഥലത്തെ പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു.
1. ഡോക്ടറെ കാണുന്നതിനായി രോഗികൾക്ക് കാത്തു നിൽക്കുവാൻ മതിയായ സൗകര്യങ്ങളില്ല, വെയിലത്തും കട ചൂടി റോഡിൽ കാത്തു നിൽക്കേണ്ട അവസ്ഥയാണ്
2. ഡോക്ടറുടെ പരിശോധനാ മുറി ചെറുതാണ്, വിശദമായി പരിശോധിക്കുവാൻ സൗകര്യമില്ല
3. ഫാർമസി മരുന്നു വിതരണം ഒരു ഇടുങ്ങിയ വരാന്തയിൽ വെച്ചാണ് നടത്തുന്നത്.
4. വളരെ ചെറിയ മുറിയാണ് ഫാർമസി സ്റ്റോർ, മരുന്നുകൾ സംഭരിച്ച് കൃത്യമായി അടുക്കിവെക്കാൻ ബുദ്ധിമുട്ടാണ്
5. നഴ്സിംഗ് പ്രവർത്തനങ്ങൾക്കും തീരെ സൗകര്യമില്ല, വളരെ കഷ്ടപ്പെട്ടാണ്പ്രസ്തുത ജീവനക്കാർ അവരുടെ ജോലി ചെയ്യുന്നത്.
6. അടിയന്തിര സാഹചര്യങ്ങളിൽ രോഗികളെ നിരീക്ഷണത്തിൽ കിടത്തുവാൻ സൗകര്യമില്ല.
7. ഒരു ലാബ് പ്രവർത്തനം തുടങ്ങാൻ സൗകര്യമില്ല.
8. ഓഫീസ് പ്രവർത്തനം ഉൾപ്പെടെ മറ്റ് ജീവനക്കാരും വളരെ ബുദ്ധിമുട്ടിയാണ് അവരുടെ ജോലി ചെയ്യുന്നത്.
9. പൊതു ടോയിലറ്റ് ഒരുക്കുവാനുള്ള സൗകര്യം ഇല്ല
10. മുലയൂട്ടുന്ന അമ്മമാർക്ക് ബ്രസ്റ്റ് ഫീഡിംഗ് റൂം ഒരുക്കുവാനുള്ള സൗകര്യം ഇല്ല
11. മരുന്നു സ്റ്റോർ ചെയ്യുന്നതിന് ശീതീകരിച്ച സംഭരണ സ്റ്റോർ ആവശ്യമാണ്, ആയത് വേണ്ടി കെട്ടിടത്തിൽ ശീതീകരിച്ച റൂം ഒരുക്കുന്നതിനുള്ള പവർ സപ്ലൈ ഇല്ല.
12. രോഗികൾക്ക് ആവശ്യമായ ടോക്കൺ സംവിധാനം ഒരുക്കിയിട്ടുള്ളത് കെട്ടിടത്തിന്റെ പുറത്താണ്.

മേൽ വിഷയം ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയത്തിൽ അടിയന്തിര പരിഹാര നടപടികൾ സ്വീകരിക്കുമെന്ന് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചു. ഗ്രാമ പഞ്ചായത്ത് സ്വന്തം സ്ഥലത്തോ/ സ്ഥലം കണ്ടെത്തി സ്വന്തം കെട്ടിടം നിർമ്മിക്കാനോ ഭരണസമിതി കൂട്ടായ ശ്രമങ്ങൾ നടത്തേണ്ടതാണ്.

## 3-10 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം സാമ്പത്തികവർഷം വരെ 4078 കുടുംബങ്ങളിലെ 6857 പേർ തൊഴിൽ കാർഡിന് അപേക്ഷിച്ചതിൽ അത്രയും പേർക്ക് തന്നെ തൊഴിൽ കാർഡ് അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 897 കുടുംബങ്ങളിൽ നിന്നായി 1006 പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്ക് തന്നെ തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ 153 പ്രവൃത്തികളിലായി ആകെ 74067 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ആയതിന് തൊഴിലാളികളുടെ കൂലി ഇനത്തിൽ 24314336 രൂപ ചെലവഴിക്കുകയും ചെയ്തു. ആയതിൽ 521 കുടുംബങ്ങൾക്ക് നൂറ് തൊഴിൽ ദിനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക വർഷം ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം 695 പ്രൊജക്ടുകൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചതിൽ 153 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയിരിക്കുന്നത്. സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല.

നടപ്പിലാക്കിയിരിക്കുന്ന പ്രവൃത്തികളിൽ ഭൂരിഭാഗവും മണ്ണ് ജലസംരക്ഷണ പ്രവൃത്തികളാണ്. സാമ്പത്തിക വർഷത്തിൽ 17 മെറ്റീരിയൽ പ്രവൃത്തി നടപ്പാക്കുകയും ആയതിന് 4225022 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## 3-11 വൃദ്ധർക്ക് കട്ടിൽ - നിർദ്ദിഷ്ട പ്രായത്തിൽ കുറഞ്ഞവർക്ക് ആനുകൂല്യം നൽകി

ഐ സി ഡി എസ് സൂപ്പർവൈസർ, അസി. സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി 2018-19 വർഷത്തിൽ നിർവ്വഹണം നടത്തിയ 'വൃദ്ധ ജനങ്ങൾക്ക് കട്ടിൽ', 'SC വൃദ്ധ ജനങ്ങൾക്ക് കട്ടിൽ' എന്ന പ്രോജക്റ്റുകൾ പ്രകാരം (പ്രോജക്റ്റ് നമ്പർ 213/19, 158/19) തൻവർഷത്തിൽ യഥാക്രമം 220500/- രൂപയും 85,998 രൂപയും ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നമ്പർ11/27.03.2019, 3/16-8-18,വികസനഫണ്ട്) നിർദ്ദിഷ്ട പ്രോജക്റ്റ് പ്രകാരം 60 വയസ്സ് കഴിഞ്ഞ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത് നിവാസികളായ വൃദ്ധർക്ക് കട്ടിൽ നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. ആയത് പ്രകാരം കട്ടിലുകൾ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ശ്രീമതി സൈനബ മങ്ങാട്ട്, ശ്രീ ബാലകൃഷ്ണൻ പി.കെ എന്നിവർക്ക് 2018-19 വർഷത്തിൽ 60 വയസ്സ് പൂർത്തിയായിട്ടില്ലെന്ന് കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ആധാർ നമ്പർ | ജനനവർഷം |
|---|---|---|
| ശ്രീമതി സൈനബ മങ്ങാട്ട്, w/o അബ്ദുള്ളക്കോയ, ഈങ്ങാപ്പള്ളിയാളി ഹൗസ് ,ചെലക്കലങ്ങാടി പി ഒ, തേഞ്ഞിപ്പലം. (വാർഡ്.11) | 705066614406 | 1961 |
| ശ്രീ ബാലകൃഷ്ണൻ പി.കെ, തെക്കുംപുറം ഹൗസ്, കൊളത്തോട്, തേഞ്ഞിപ്പലം ( വാർഡ് : 16) | 329975139720 | 1960 |

ഇപ്രകാരം 60 വയസ്സിന് താഴെയുള്ള വ്യക്തിക്ക് വൃദ്ധർക്കുള്ള ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചുകൊണ്ട് നൽകിയ എൻക്വയറികൾക്ക് (എൻക്വയറി നമ്പർ :17,18/28-6-19) ലഭ്യമാക്കിയ മറുപടികളിൽ ശ്രീമതി സൈനബക്ക് നൽകിയ കട്ടിൽ അർഹതയുള്ള മറ്റൊരു ഗുണഭോക്താവിന് നൽകുന്നതാണെന്നും ശ്രീ ബാലകൃഷ്ണന്റെ പ്രായം തെളിയിക്കുന്നതിനുള്ള മറ്റ് രേഖകൾ ലഭ്യമാണെങ്കിൽ ആയത് ഹാജരാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിച്ചിരുന്നു. ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദ വിവരങ്ങൾ സഹിതം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം 2 കട്ടിലുകളുടെ വില 8624 രൂപ ( 4300 + 4324) ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി പേര്,നം | | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | S0126/19 | ലൈഫ് പദ്ധതി | 2,83,650 | 2,80,000 | 3,650 |
| | S0017/19 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 2,75,000 | 2,75,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | S0026/19 | നെൽകൃഷി വികസന പദ്ധതി | 6,00,000 | 6,00,000 | 0 |
| | S0109/19 | പ്രത്യേക കന്നുകട്ടി | 2,90,000 | 2,90,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | പരിപാലന പദ്ധതി | | | |
| | S0126/19 | ലൈഫ് പദ്ധതി | 10,58,976 | 10,46,000 | 18,976 |
| | 0017/19 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 2,75,000 | 2,75,000 | 0 |
| | S0174/19 | ടോയ്‌ലറ്റ് നിർമാണം – നീരോൽപാലം | 1,80,000 | 1,45,629 | 34371 |
| | S0138/19 | അരീപ്പാറ എസ്.സി കോളണി KWA ലൈൻ മാറ്റി സ്ഥാപിക്കലും നീട്ടലും | 10,00,000 | 10,00,000 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | 123/19 | പകൽ വീട്ടിലേക്ക് കെ ഡബ്ല്യൂ എ കണക്ഷൻ നൽകൽ | ബിൽ നമ്പർ 29/23.03.2019 (സെക്രട്ടറി) | 20000 | - | ലഭ്യമല്ല | 20000 |
| | 130/19 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് കെ ഡബ്ല്യൂ എ വാട്ടർ ലൈൻ കണക്ഷൻ (അംഗൻവാടികൾ, സബ്സെന്ററുകൾ) | ബിൽ നമ്പർ 28/23.03.2019 (സെക്രട്ടറി) | 360000 | - | ലഭ്യമല്ല | 360000 |
| | 177/19 | കെ ഡബ്ല്യൂ എ ലൈൻ എക്സ്റ്റൻഷൻ കോഹിന്നൂർ ഗണപതി ക്ഷേത്രം റോഡ് | ചെക്ക് നമ്പർ 2673286/ 29.01.2019 | 150000 | - | ലഭ്യമല്ല | 150000 |
| | 179/19 | കെ ഡബ്ല്യൂ എ ലൈൻ എക്സ്റ്റൻഷൻ കൊയപ്പ വിഷ്ണുക്ഷേത്രം റോഡ് | ചെക്ക് നമ്പർ 2673297/ 16.02.2019 | 200000 | - | ലഭ്യമല്ല | 200000 |
| | 180/19 | കെ ഡബ്ല്യൂ എ ലൈൻ എക്സ്റ്റൻഷൻ മുക്കട് വലിയപറമ്പ് റോഡ് | ചെക്ക് നമ്പർ 2673287/ 29.01.2019 | 70000 | - | ലഭ്യമല്ല | 70000 |
| | 181/19 | കെ ഡബ്ല്യൂ എ ലൈൻ എക്സ്റ്റൻഷൻ പറമ്പത്ത് കാവ് അനുഗ്രഹം റോഡ് | ചെക്ക് നമ്പർ 2673288/ 29.01.2019 | 150000 | - | ലഭ്യമല്ല | 150000 |
| | 138/19 | അരീപ്പാറ എസ് സി കോളനി കെ ഡബ്ല്യൂ | വൗച്ചർ നമ്പർ 21800645/ | 1000000 | - | ലഭ്യമല്ല | 1100000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | എ ലൈൻ മാറ്റി സ്ഥാപിക്കലും നീട്ടലും | 17.01.2019 | | | | |
| | | | ബിൽ നമ്പർ 06/ 19.01.2019 (അസി.സെക്രട്ടറി) | 100000 | | | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 186/19 | എസ് സി കോളനികളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | ബിൽ നമ്പർ 08/13.03.2019 (അസി.സെക്രട്ടറി) | 929002 | - | ലഭ്യമല്ല | 929002 |
| | 204/19 | മലയിൽ മുണ്ടിന്മാട് തെറ്റമ്മൽ മാതാപ്പുഴ പ്രദേശത്ത് സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | ബിൽ നമ്പർ 17/20.12.2018 (സെക്രട്ടറി) | 599947 | - | ലഭ്യമല്ല | 599947 |
| ആകെ | | | | 3578949 | - | | 3578949 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2004-05 | പൊതുപരാമർശം | കൊയ്ത്തുമെതിയന്ത്രം-പദ്ധതി ലക്ഷ്യം നേടിയില്ല | കാലപ്പഴക്കത്താൽ നശിച്ച ഉപകരണങ്ങൾ ലേല നടപടികൾക്കായി ചലാൻ അടച്ച് പി.ഡബ്ലിയുഡി മെക്കാനിക്കൽ വിഭാഗത്തിന് അനുമതിക്കായി സമർപ്പിച്ചു. |
| 2011-12, 2012-13 | 3(1) | 2014-15 | | നിഷ്ക്രിയാസ്തികൾ-അവലോകനം | നിലനിൽക്കുന്നു |
| 2013-14, 2014-15 | 2(1),2(3) | 2016-17 | അനുബന്ധം | 2(1) വസ്തു നികുതി പിരിവ് അപാകതകൾ 2(3)തൊഴിൽ | നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | നികുതി അപാകതകൾ | |
| 2015-16 | 2(2) | 2016-17 | അനുബന്ധം | 2(2) ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി | നിലനിൽക്കുന്നു. |

# 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

*എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക*

ഇല്ല

*ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ /ഈടാക്കാനവശേഷിക്കുന്ന തുക*

| *ക്ര നം* | *റിപ്പോർട്ട് വർഷം* | *ഖണ്ഡിക നമ്പർ* | *ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്.* | *സർചാർജ് സർട്ടിഫിക്കറ്റ്* | | *സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി)* | *റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത്* | *കോടതി വ്യവഹാരങ്ങളിൽ* | | *ആകെ ലഭ്യമായ തുക* | *അവശേഷിക്കുന്ന തുക* |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1997/98 | 35(2) | സി.പി മോയ്തീൻകുട്ടി സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | എൽ.എഫ്2428/ സ്പെഷ്യൽ സെൽ/ എസ്.സി/05/16.11.2006 | 3000 | 1500, 6950/53/6.11.2000 | 0 | 0 | 0 | 1500 | 1500 |
| 2 | 1997/98 | 36(3) | തുളസീഭായ്, സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | എൽ.എഫ്2428/ സ്പെഷ്യൽ സെൽ/ എസ്.സി/05/16.11.2006 | 1000 | 1000, 22624/95/21.01.2006 | 0 | 0 | 0 | 1000 | 0 |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,04,95,763 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,43,15,628 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8624 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 6506011 |

ബി)<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11(part) | 4324 | ശ്രീമതി കദീജക്കുട്ടി, ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-11(part) | 4300 | ശ്രീമതി ബിൽക്കീസ് ചീരോത്ത്, അസി. സെക്രട്ടറി |
| ആകെ | 8624 | |

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 117062 | ഡോ. സരിത വി<br>(പി.എച്ച്.സി) |
| 3-5(1)(part) | 1720000 | ശ്രീ.ഷരീഫ് കെ.സി, അസി. എഞ്ചിനീയർ |
| 3-5(1)(part) | 200000 | ശ്രീ. ബിപിൻ എൻ വി, അസി. എഞ്ചിനീയർ |
| 3-5(2) | 21,19,947 | ശ്രീ. മധുസൂധനൻ എം, സെക്രട്ടറി |
| 3-5(3) | 23,49,002 | ശ്രീമതി. ബിൽകീസ് ചീരോത്ത്, അസി. സെക്രട്ടറി |
| ആകെ | 6506011 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 3-11(part) | 4324 | ശ്രീമതി കദീജക്കുട്ടി, ഐ സി ഡി എസ് സൂപ്പർവൈസർ | ഷഹല മൻസിൽ,വെള്ളക്കാട്, തേഞ്ഞിപ്പലം പി . ഒ |
| 3-11(part) | 4300 | ശ്രീമതി. ബിൽകീസ് ചീരോത്ത്, അസി. സെക്രട്ടറി | കുനിയിൽ ഹൗസ്, തരിപ്പണം പറമ്പ്, ജയന്തി റോഡ്, നല്ലളം പി. ഒ ,കോഴിക്കോട്. |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1997-98 | എൽ.എഫ്.എം14/1736/13 (1)<br>തീയതി 21-1-2014 | 09 |
| 2 | 1998-99 | എൽ.എഫ്.എം14/1736/13 (2)<br>തീയതി 21-1-2014 | 14 |
| 3 | 1999-00 | എൽ.എഫ്.എം-14/1736/13 (3)<br>തീയതി 21-1-2014 | 10 |
| 4 | 2000-01 | എൽ.എഫ്.എം14/1736/13 (4)<br>തീയതി 21-1-2014 | 13 |
| 5 | 2001-02 | എൽ.എഫ്.എം14/1736/13 (5)<br>തീയതി 21-1-2014 | 11 |
| 6 | 2002-03 | എൽ.എഫ്.എം14/1736/13 (6)<br>തീയതി 21-1-2014 | 7 |
| 7 | 2003-04 | എൽ.എഫ്.എം14/1736/13 (7)<br>തീയതി 21-1-2014 | 7 |
| 8 | 2004-05 | എൽ.എഫ്.എം14/1736/13 (8)<br>തീയതി 21-1-2014 | 5 |
| 9 | 2005-06 | എൽ.എഫ്.എം14/1736/13 (9)<br>തീയതി 21-1-2014 | 9 |

| | | | |
|---|---|---|---|
| 10 | 2006-07 | എൽ.എഫ്.എം14/1736/2013 (10) തീയതി 21-1-2014 | 13 |
| 11 | 2007-08 | എൽ.എഫ്.എം14/1736/2013 (11) തീയതി 21-1-14 | 12 |
| 12 | 2008-09, 2010-11 | എൽ.എഫ്.എം14/703/2013 തീയതി 01-06-2013 | 20 |
| 13 | 2011-12, 2012-13 | എൽ.എഫ്.എം14/508/2015 തീയതി 10-4-2015 | 17 |
| 14 | 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.14/1878/2016 തീയതി 28/07/16 | 14 |
| 15 | 2015-16 | കെ.എസ്.എ.എം.പി.എം.14/3473/2016 തീയതി 15/02/18 | 17 |
| 16 | 2016-17 | കെ.എസ്.എ.എം.പി.എം14/1607/17 തീയതി 28.07.2018 | 17 |
| 17 | 2017-18 | കെ.എസ്.എ.എം.പി.എം.10/2403/2018 തിയ്യതി:01-06-2019 | 16 |

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ല ഓഡിറ്റ് കാര്യാലയം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.10/1758/19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in


തീയ്യതി:12/07/19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ **തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ല ഓഡിറ്റ് കാര്യാലയം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**